# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5681       03.11.2016-ൽ മറുപടിക്ക്

## ആശിക്കും ഭൂമി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട് ജില്ലയിലെ എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകാൻ ആസൂത്രണം ചെയ്ത ആശിക്കും ഭൂമി പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നും എത്ര ഏക്കർ ഭൂമി വിതരണത്തിന് നൽകിയെന്നും വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷം രൂപയിൽ അധികരിക്കാതെ 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ ഭൂരഹിതരായ 550 പട്ടികവർഗ്ഗക്കാർക്ക് 120 ഏക്കറോളം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| ബി) | ഭൂമി നൽകിയതിൽ സർക്കാർ വക ഭൂമി എത്രയെന്നും സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയ ഭൂമി എത്രയെന്നും വെളിപ്പെടുത്തുമോ; | ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം, സ്വകാര്യ വ്യക്തികളിൽ നിന്ന് മാത്രമാണ് ഭൂമി വാങ്ങി നൽകിയത്. വയനാട് ജില്ലയിൽ സ്വകാര്യ വ്യക്തികളിൽ നിന്നും 120 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| സി) | സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വാങ്ങാൻ ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും ഭൂമിയുടെ വില നിശ്ചയിക്കാനും ഭൂമി വാങ്ങാനും അധികാരപ്പെടുത്തിയ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ; | സി) | വയനാട് ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 31,82,75,453/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട നിയമസഭാ സാമാജികർ, ജില്ലാ കളക്ടർ, ആദിവാസി സംഘടനാ ജനപ്രതിനിധികൾ, സബ് കളക്ടർ, ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ജില്ലാ പ്ലാനിംഗ് ഓഫീസർ, തഹസീൽദാർ, ജില്ലാ സർവ്വേ സൂപ്രണ്ട്, കൃഷി / വനം വകുപ്പ് പ്രതിനിധികൾ, സ്ഥലം വില്ലേജ് ഓഫീസർ, പഞ്ചായത്ത് വാർഡ് മെമ്പർമാർ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല പർച്ചേസ് കമ്മിറ്റിയാണ് ഭൂമി വില നിർണ്ണയിക്കുന്നത്. അമിത വില നൽകിയാണ് ഭൂമി വാങ്ങിയതെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്. |
| ഡി) | റവന്യൂ ഉദ്യോഗസ്ഥന്മാർ നിർണ്ണയിച്ച വിലയിൽ കവിഞ്ഞ വില ഭൂമിക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | ഇത് സംബന്ധിച്ച് ഉയർന്ന പരാതികൾ വിജിലൻസ് അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ